ഉത്തരം

(എ) 10 റോഡുകൾ നിർമ്മിച്ചിട്ടുണ്ട്.

(ബി) അവയുടെ പേരും വിവരം ചുവടെ ചേർക്കുന്നു.

1. ലക്ഷംവീട് കോളനിയിൽ നിന്നും കുമ്പളങ്ങി 7–ാം വാർഡിലേക്കുള്ള പുതിയ റോഡ്.

2. കുമ്പളങ്ങി പഞ്ചായത്ത് 7–ാം വാർഡിലേക്ക് ഗ്രൈഡേജ് റോഡ്.

3. കല്ലഞ്ചേരി ബണ്ടു മുതൽ കുമ്പളങ്ങി പഞ്ചായത്ത് 9–ാം വാർഡിന്റെ വടക്കതിർത്തിവരെയുള്ള പുതിയ റോഡ്.

4. കല്ലിപ്പറമ്പു മുതൽ പടിഞ്ഞാറേയ്ക്ക് കുമ്പളങ്ങി പഞ്ചായത്ത് 3–ാം വാർഡിലേക്കുള്ള മണ്ണു നിരത്തി പണി ചെയ്ത പുതിയ റോഡ്.

5. ചുടുകാട് ബസ് സ്റ്റോപ്പിൽനിന്നും കിഴക്കോട്ട് കുമ്പളങ്ങി പഞ്ചായത്ത് 3–ാ. വാർഡിലേക്ക് മണ്ണു നിരത്തി പടുത്തുയർത്തിയ പുതിയ റോഡ്.

6. കുമ്പളങ്ങി പഞ്ചായത്ത് 7–ാം വാർഡിൽ പുത്തൻവീട്ടിൽ പറമ്പിനു സമീപം പണി ചെയ്ത പുതിയ റോഡ്.

7. കുമ്പളങ്ങി പഞ്ചായത്തിലെ 4–ാം വാർഡിൽ നിന്നും ചെമ്പളളിയിലേക്കു നിർമ്മിച്ച പുതിയ റോഡ്.

8. കുമ്പളങ്ങി പഞ്ചായത്ത് 7–ാം വാർഡിൽ ആഞ്ഞിലിത്തറക്കു പടിഞ്ഞാറുഭാഗത്ത് നിർമ്മിച്ച പുതിയറോഡ്.

9. കുമ്പളങ്ങി പഞ്ചായത്ത് 6–ാം വാർഡിലേക്കു കൊച്ചേരിയിൽ നിന്നും പണിത പുതിയ റോഡ്.

10. ചെല്ലാനം പഞ്ചായത്തിലെ കാട്ടിപ്പറമ്പു മുതൽ കലത്തറവരെ പണി ചെയ്ത പുതിയ റോഡ്.

(സി) അവയ്ക്കു മൊത്തം 6,07,124 രൂപ ചെലവായിട്ടുണ്ട്.

ആർ.എൽ.ഇ.ജി.പി. സ്കീമിൽ നിർമ്മിച്ച റോഡുകൾ

1332 [2363] ശ്രീ. ടി.പി. പീതാംബരൻമാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1980 ഏപ്രിൽ 1 മുതൽ 1986 മാർച്ച് 31 വരെ ആർ.എൽ.ഇ.ജി.പി. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിച്ച റോഡുകൾ എത്ര;

(ബി) അവ ഏതെല്ലാം;

(സി) അവയ്ക്ക് എല്ലാം കൂടി ആകെ ചെലവാക്കിയ സംഖ്യ എത്ര?

ഉത്തരം

(എ) 256

(ബി, സി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly